ദീപിക
06 April 2018

# 10 മത്സ്യ-ചെമ്മീൻ ഇനങ്ങളുടെ മുൻഗണനാ പട്ടിക തയാർ

**കൊച്ചി:** ഇന്ത്യയിൽനിന്നുള്ള സമുദ്രവിഭവങ്ങളുടെ കയറ്റുമതി മൂല്യം ഉയർത്തുന്നതിന്റെ ഭാഗമായി വിദേശ വിപണിയിൽ കൂടുതൽ സ്വീകാര്യത ലഭിക്കുന്നതിനാവശ്യമായ മറൈൻ സ്റ്റിവാർഡ്ഷിപ്പ് കൗൺസിൽ (എംഎസ് സി) സർട്ടിഫിക്കേഷൻ നേടുന്നതിന് 10 മത്സ്യ-ചെമ്മീൻ-ഞണ്ട്-കക്ക ഇനങ്ങളുടെ മുൻഗണനാ പട്ടിക തയാറായി. എംഎസ് സി സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) പാനൽ ചർച്ചയിലാണ് പട്ടിക തയാറാക്കിയത്.

കാവാലൻ ഞണ്ട്, ചെമ്മീൻ, റെഡ് റിംഗ് ചെമ്മീൻ, കൂന്തൽ, പ്രാമുട്ട ശംഖ്, ഫ്ളവർ ചെമ്മീൻ, കള്ളൻ കണവ, കടൽ കൊഞ്ച്, വരയൻ ചൂര, കിളിമീൻ എന്നിവയാണ് സർട്ടിഫിക്കേഷൻ നേടുന്നതിനായി തിരഞ്ഞെടുത്ത ഇനങ്ങൾ. വിദേശ വിപണികളിലെ വാണിജ്യ പ്രാധാന്യം കണക്കിലെടുത്താണ് ഇവയുടെ പട്ടിക തയാറാക്കിയത്.

എംഎസ് സി സർട്ടിഫിക്കേഷൻ നേടുന്നതിലൂടെ സമുദ്രവിഭവങ്ങളുടെ വിദേശനാണ്യം വർധിപ്പിക്കാമെന്ന് ലണ്ടൻ ആസ്ഥാനമായ എംഎസ് സിയുടെ പ്രോഗ്രാം മേധാവി ഡോ. യെമി ഓലാരുന്ദുയി പറഞ്ഞു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സിഎംഎഫ്ആർഐ, എംഎസ് സി, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്-ഇന്ത്യ എന്നിവർ സംയുക്തമായാണ് പാനൽ ചർച്ച സംഘടിപ്പിച്ചത്.